# Visit of Minister of State for External Affairs, Smt. MeenakashiLekhi to Colombia and New York (4-9 September 2021)

September 02, 2021

---

**വിദേശകാര്യ സഹമന്ത്രി ശ്രീമതി മീനകാശിലേഖി കൊളമ്പിയയും ന്യൂ യോർക്കും സന്ദർശിക്കുന്നു (2021 സെപ്റ്റംബർ 4-9 തിയ്യതികളിൽ)**
**സെപ്റ്റംബർ 02, 2021**

1.വിദേശകാര്യ സഹമന്ത്രി ശ്രീമതി മീനകാശി ലേഖി, 2021 സെപ്റ്റംബർ 4 -9 തിയ്യതികളിൽ കൊളമ്പിയ ന്യൂയോർക്ക് എന്നിവിടങ്ങളിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തുന്നു. ഇത് വിദേശകാര്യ സഹമന്ത്രി എന്ന നിലയിലുള്ള അവരുടെ ആദ്യ സന്ദർശനമാണ്

2. സെപ്റ്റംബർ 4-6 വരെ കൊളംബിയൻ സന്ദർശനത്തിൽ, വിദേശകാര്യസഹമന്തി കൊളംബിയയുടെ ഉന്നത നേതൃത്വവുമായി കൂടിക്കാഴ്ച നടത്തുകയും കൊളംബിയയുടെ വൈസ് പ്രസിഡന്റും വിദേശകാര്യ മന്ത്രിയുമായ മാർട്ട ലൂസിയ റാമിറസുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുകയും പരസ്പര്യ താല്പര്യത്തിലുള്ള പ്രാദേശിക, അന്തർദേശീയ പ്രശ്നങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ കൈമാറുകയും ചെയ്യുന്നതാണ്. പ്രമുഖ ഇന്ത്യൻ കൊളംബിയൻ കമ്പനികളുമായും കൊളംബിയയിലെ ഇന്ത്യൻ സമൂഹവുമായും അവർ സംവദിക്കും.

3. 2019 ൽ ഇന്ത്യയും കൊളംബിയയും തമ്മിലുള്ള നയതന്ത്ര ബന്ധങ്ങളുടെ 60 മത് വാർഷികം ഇരു രാജെട്ടങ്ങള് ആഘോഷിച്ചിരുന്നു. ലാറ്റിൻ അമേരിക്കയിൽ ഇന്ത്യയിലെ പ്രധാന പങ്കാളികളിൽ ഒരാളാണ് കൊളംബിയ കൂടാതെ സാമ്പത്തിക വ്യാവസായിക മേഖലകിൽ പ്രാധാന്യം നൽകിക്കൊണ്ട് കൊളംബിയയുമായുള്ള ബന്ധം വളരെ വേഗത്തിൽ വികസിക്കുകയും ചെയ്യുന്നുണ്ട്. 2020-21 വർഷത്തിൽ കൊളംബിയയുമായുള്ള ഉഭയകക്ഷി വ്യാപാരം 2.27 ബില്യൺ ഡോളറാണ്, ഇത് കോവിഡ് -19 പകർച്ചവ്യാധി മൂലമുണ്ടായ തടസ്സങ്ങൾക്കിടയിലും 2019-20 നെ അപേക്ഷിച്ച് 1.85 ബില്യൺ ഡോളറിന്റെ നിന്ന് ഗണ്യമായ വർദ്ധനവാണ് കൈവരിച്ചിരിക്കുന്നത്.

4. നമ്മുടെ ഉഭയകക്ഷി ബന്ധങ്ങളിലെ പുരോഗതി അവലോകനം ചെയ്യാനും കൊളംബിയയുമായുള്ള സുപ്രധാന പങ്കാളിത്തം കൂടുതൽ വിപുലീകരിക്കാനും ശക്തിപ്പെടുത്താനും വിദേശകാര്യമന്ത്രിയുടെ കൊളംബിയൻ സന്ദർശനം

അവസരമൊരുക്കും. ഇന്ത്യയിൽ നിന്നുള്ള അവസാന മന്ത്രിതല സന്ദർശനം നടന്നത് 2018 ഒക്ടോബറിലാണ്, അന്ന് വിദേശകാര്യ സഹമന്ത്രിയായിരുന്ന ജനറൽ (റിട്ട.) വി.കെ. സിംഗ് കൊളംബിയയിൽ ഔദ്യോഗിക സന്ദർശനം നടത്തിയിരുന്നു.

5.സെപ്റ്റംബർ 7 മുതൽ 9 വരെ ന്യൂയോർക്കിലേക്കുള്ള സന്ദർശന വേളയിൽ, 2021 സെപ്റ്റംബർ 8-ന് ഐറിഷ് പ്രസിഡൻസി വിളിച്ചുചേർക്കേണ്ട 'യുണൈറ്റഡ് നേഷൻസ് പീസ്‌കീപ്പിംഗ് ഓപ്പറേഷൻസ്' എന്ന അജണ്ടയുടെ കീഴിലുള്ള 'ട്രാൻസിഷനുകൾ' സംബന്ധിച്ച യുഎൻ സുരക്ഷാ കൗൺസിൽ സംഘടിപ്പിക്കുന്ന മന്ത്രിതല തുറന്ന ചർച്ചയിൽ വിദേശകാര്യമന്ത്രി ഇന്ത്യയെ പ്രതിനിധീകരിക്കും. . ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ 75 -ാം വാർഷികത്തിന്റെ സ്മരണാർത്ഥം ആസാദിക അമൃത് മഹോത്സവത്തിന്റെ ആഘോഷത്തോടനുബന്ധിച്ചു ന്യൂയോർക്കിലെ മുതിർന്ന യുഎൻ നേതൃത്വവുമായി കൂടിക്കാഴ്ച നടത്തുകയും ഇന്ത്യൻ സമൂഹവുമായി സംവദിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

**ന്യൂ ഡൽഹി**
**സെപ്റ്റംബർ 02, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.